ദയ ലഭിച്ചോർ നാം സ്തുതിച്ചീടുവോം
അതിനു യോഗ്യൻ ക്രിസ്തുവത്രേ
മാധുര്യ നാദമാം ഗീതങ്ങളാലെ
അവനെ നാം പുകഴ്ത്തീടാം ... ദയ

നിന്തിരുമേനിയറുക്കപ്പെട്ട നിൻ
രുധിരത്തിൻ വിലയാൽ വാങ്ങിയതാം
ഗോത്രങ്ങൾ ഭാഷകൾ വംശങ്ങൾ ജാതികൾ
സർവ്വവും ചേർത്തുകൊണ്ട് ... ദയ

പാപത്തിനധീനതയിൽ നിന്നി
അടിയാരെ നീ വിടുവിച്ചു
അത്ഭുതമാർന്നൊളിയിൽ പ്രിയനോടെ
രാജ്യത്തിലാക്കിയതാൽ ... ദയ

വീഴുന്നു പ്രിയനെ വാഴ്ത്തീടുവാൻ
സിംഹാസന വാസികളും താൻ
ആയവനരുളിയ രക്ഷയിൻ മഹിമയ്ക്കയ്
കിരീടങ്ങൾ താഴെയിട്ട് ... ദയ

ദൈവകുഞ്ഞാടവൻ യോഗ്യനെന്ന്
മോക്ഷത്തിൽ കേൾക്കുന്ന ശബ്ദമത്
സ്തുതിച്ചിടാം വെള്ളത്തിന്നിരച്ചിൽ പോൽ ശബ്ദ
ത്താൽ പരിശുദ്ധയാം സഭയെ ... ദയ

യേശു താൻ വേഗം വരുന്നതിനാൽ
മുഴങ്കാൽ മടക്കി നമസ്ക്കരിക്കാം
സ്നേഹിച്ച യേശുവേ കണ്ടിടുവോം നാം ആനന്ദ നാളതിലെ